## പതിനാലാം കേരള നിയമസഭ

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2232

2019 ജൂൺ 14 ലെ മറുപടിക്ക്

### ധനകാര്യ പരിശോധന വിഭാഗം

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | ഉത്തരം<br>ഡോ.റ്റി.എം. തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| **എ)** അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന് ലഭിച്ചിട്ടുണ്ടോ; | പരാതി ലഭിച്ചിട്ടുണ്ട്. |
| **ബി)** ഉണ്ടെങ്കിൽ ഈ പരാതി സംബന്ധിച്ച് പരിശോധിക്കുവാൻ ധനകാര്യ വകുപ്പിന് എന്നാണ് നിർദ്ദേശം ലഭിച്ചത്; ഇതിന്മേലുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ? | പ്രസ്തുത പരാതി പരിശോധിക്കുവാൻ 13.03.2018 ലെ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 2478/2018/APC&Prl.Secy/AD നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരമാണ് നിർദ്ദേശം ലഭിച്ചത്. ടി പരാതിയിന്മേലുള്ള പരിശോധന ആരംഭിച്ചിട്ടുണ്ട്. പരാതിയുടെ പകർപ്പ് മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

[redacted]



കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
അട്ടപ്പാടി ഏരിയ കമ്മിറ്റി
അഗളി പി.ഒ., അട്ടപ്പാടി പിൻ 678 581.
Ph: : 04924 254252

തീയതി: 2-3-18

**ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അവർകൾ സമക്ഷം**

സി.പി.ഐ.(എം.) അട്ടപ്പാടി ഏരിയ സെക്രട്ടറി സി.പി. ബാബു ബോധിപ്പിക്കുന്ന പരാതി.

സഖാവെ,

അട്ടപ്പാടിയിൽ ആദിവാസി മേഖലയിൽ തനത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മില്ലറ്റ് ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി മൂന്ന് വർഷക്കാലത്തേക്ക് 6.87 കോടി രൂപ അനുവദിക്കുകയും, 2017-18ൽ 2 കോടി 48½ ലക്ഷം രൂപ ഫണ്ട് അനുവദിക്കുകയും (കൃഷിവകുപ്പ് 2 കോടി രൂപയും, പട്ടികവർഗ്ഗ വകുപ്പ് 48½ ലക്ഷം രൂപയും) ചെയ്തിട്ടുള്ളതാണ്.

അഗളി പഞ്ചായത്തിൽ 19 ഊരും, പുതൂർ പഞ്ചായത്തിൽ 14 ഊരും, ഷോളയൂർ പഞ്ചായത്തിൽ 12 ഊരും, അങ്ങിനെ 45 ഊരുകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 515 ഹെക്ടർ സ്ഥലം ഇതിനായി തെരഞ്ഞെടുക്കുകയും, ടി സ്ഥലത്ത് ആദിവാസികളുടെ പരമ്പരാഗത കൃഷികളായ റാഗി - 200 ഹെക്ടർ, വൻപയർ - 200 ഹെക്ടർ, തിന - 40 ഹെക്ടർ, കുതിരവാലി - 30 ഹെക്ടർ, ചാമ - 20 ഹെക്ടർ, വരക് - 10 ഹെക്ടർ, പച്ചക്കറി - 15 ഹെക്ടർ എന്നിങ്ങനെയാണ് കൃഷി ചെയ്യാൻ തീരുമാനിച്ചത്. ഇതനുസരിച്ച് നിലം ഉഴുതുന്നതിന് കെയ്ക്കോയെയും, വളം എത്തിക്കുന്നതിന് അഗളി, പുതൂർ, പഞ്ചായത്തുകളിൽ അട്ടപ്പാടി സർവ്വീസ് സഹകരണ ബാങ്കിനെയും, ഷോളയൂർ പഞ്ചായത്തിൽ ഷോളയൂർ സഹകരണ ബാങ്കിനെയും, വിത്ത് വാങ്ങുന്നതിന് എൻ.എസ്.സി. പാലക്കാട്, യു.എ.എസ് ധാർവാഡ്, വി.എഫ്.പി.സി.കെ ആലത്തൂർ എന്നിവരെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

കൃഷി ഡെപ്യൂട്ടി ഡയറക്ടർ സുരേഷ് എന്ന ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇയാൾ ഇതിനുമുമ്പ് കൃഷി ഓഫീസറായും, അസിസ്റ്റന്റ് ഡയറക്ടറായും ഇരുന്നുകൊണ്ട് വൻ സാമ്പത്തിക തട്ടിപ്പ് നടത്തിയിട്ടുള്ള ആളാണ്. കൃഷിവകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും ഇടപെട്ടാണ് ഇദ്ദേഹത്തെ നിയമിച്ചത്. എന്നാൽ, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഭൂരിപക്ഷ

Contd.....

1672/FIW-K2/2018/FIN

Ph: : 04924 254252

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)

അട്ടപ്പാടി ഏരിയ കമ്മിറ്റി

അഗളി പി.ഒ., അട്ടപ്പാടി. പിൻ : 678 581.

തീയതി:.......................

...2...

സ്ഥലത്തും വിത്തുകൾ മുളക്കുകപോലുമുണ്ടായിട്ടില്ല. പല സ്ഥലത്തും പദ്ധതിപ്രകാരം കൃഷി ചെയ്തിട്ടില്ല. കൃഷി ചെയ്ത സ്ഥലത്താണെങ്കിൽ വളം പോലും കൃത്യസമയത്ത് എത്തിച്ചില്ല. ചില സ്ഥലങ്ങളിൽ വിളവ് എടുക്കാറായപ്പോഴാണ് വളം എത്തിച്ചത്. ഇപ്പോഴും വളം ഈ സ്ഥലങ്ങളിൽ കെട്ടികിടക്കുകയാണ്. കൃഷി നടത്തിയ പല ആദിവാസി ഊരുകളിലും കാലിവളം ഉണ്ടായിട്ട് അതെടുക്കാതെ, തട്ടിപ്പ് നടത്തുന്നതിനുവേണ്ടി മറ്റു സ്ഥലങ്ങളിൽ നിന്നാണ് വളം എടുക്കുന്നത്.

ധാന്യങ്ങൾ വിളവെടുപ്പ് കഴിഞ്ഞുവെന്നും, ഏതാണ്ട് 5 ടൺ ധാന്യം ഊരുകളിൽ ശേഖരിച്ചിട്ടുണ്ട് എന്നുമാണ് ഈ തട്ടിപ്പുവീരൻ പറയുന്നത്. ഇതുവരെ 49 ലക്ഷം രൂപ ചിലവുചെയ്തിട്ടുണ്ട്. ബാക്കി തുക (ഏതാണ്ട് ഒരു കോടിയോളം രൂപ) തട്ടിയെടുക്കുന്നതിനുവേണ്ടി ഇല്ലാത്ത ധാന്യങ്ങൾ പൊടിക്കുന്നതിനുവേണ്ടി മില്ലും, പ്രോസസിംഗ് മെഷീനും വാങ്ങുന്നതിനുവേണ്ടിയുള്ള നെട്ടോട്ടത്തിലാണ്. എന്നാൽ, ഞങ്ങൾ അന്വേഷണം നടത്തിയപ്പോൾ ഒരു കിലോ ഗ്രാം ധാന്യം പോലും സ്റ്റോക്ക് ഉള്ളതായി കാണുന്നില്ല. ആകെയുള്ളത് പുതൂർ പഞ്ചായത്തിലെ കുറുക്കത്തിക്കല്ല് ഊരിൽ കൃഷി ചെയ്യാൻ കൊണ്ടുവന്ന വിത്തുകൾ മാത്രമാണ്.

ആയതുകൊണ്ട് ഈ പദ്ധതി സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,

അഭിവാദനങ്ങളോടെ,

സിപി. ബാബു

സെക്രട്ടറി, അട്ടപ്പാടി ഏരിയ കമ്മിറ്റി

അഗളി

02/03/2018

സെക്രട്ടറി
സി. പി. ഐ. (എം)